(എ) 19/9/1990-ൽ ഒരു വർഷം സർവ്വീസ് തികയാത്തവരും സുപ്രീം കോടതി വിധിപ്രകാരം ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വർഷങ്ങളായി സർവ്വീസിൽ തുടരുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

70 (1737) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ സുപ്രീംകോടതി വിധിയെ തുടർന്ന് സർവ്വീസിൽ തുടരുന്നവരും 19/9/1990-ൽ ഒരുവർഷം തികയാത്തവരുമായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

മുണ്ടക്കയം ടി.ആർ.ആൻഡ് ടീ എസ്റ്റേറ്റിലെ ലോക്കൗട്ട്

71 (1738) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുണ്ടക്കയം ടി. ആർ. ആൻഡ് ടീ എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ എസ്റ്റേറ്റ് തുറക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി ; അവർക്ക് എത്ര ദിവസത്തെ തൊഴിലാണ് നഷ്ടമായത് എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-1-2000 മുതൽ

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനിയുടെ 1998-99 വർഷത്തെ ബോണസ് തർക്കം സംബന്ധിച്ച് അനുരഞ്ജന ചർച്ച നടക്കുന്ന കാലയളവിൽ ഏതാനും തൊഴിലാളികൾ സ്ഥാപനത്തിന് കേടുപാടുകൾ വരുത്തിയ സാഹചര്യവും തൊഴിലാളികളുടെ മെല്ലെപോക്ക് നയവുമാണ് ലോക്കൗട്ടിന് ആധാരമായ കാരണങ്ങൾ.

(ഡി) ലേബർ കമ്മീഷണർ നടത്തിയ അനുരഞ്ജന ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് എന്റെ സാന്നിദ്ധ്യത്തിൽ ഒരു അനുരഞ്ജന ചർച്ച നടത്തുകയുണ്ടായി. അതും പരാജയപ്പെട്ടതിനെ തുടർന്ന് തർക്കവിഷയം വ്യവസായ ട്രൈബ്യൂണലിന്റെ തീർപ്പിന് വിടുന്നതിനായി സത്വര നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 10-1-2000 മുതൽ ആയിരത്തിമുന്നൂറ് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെട്ടത്. ഇതുമൂലം 10-1-2000 മുതൽ 28-2-2000 വരെയുള്ള 50 ദിവസത്തേക്ക് 65,000 മാൻഡേയ്സ് നഷ്ടമായിട്ടുണ്ട്.

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വിഹിതം പിരിക്കുന്ന നടപടി

72 (1739) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിലേക്ക് വിഹിതം പിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) എത്ര ലക്ഷം രൂപ വരെ നിർമ്മാണച്ചെലവുള്ള കെട്ടിടങ്ങൾക്കാണ് വിഹിതം ഈടാക്കിവരുന്നത് ;

(സി) ഇപ്പോൾ ഈ വിഹിതം പിരിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1996-ലെ കേരള നിയമമായ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് പ്രകാരം സംസ്ഥാനത്ത് നടത്തുന്ന എല്ലാവിധ നിർമ്മാണ പ്രവർത്തനത്തിന്റെയും അടങ്കൽതുകയുടെ ഒരു ശതമാനം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് സെസ്സായി നൽകണം. എന്നാൽ കേന്ദ്ര നിയമമായ 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമത്തിലെ വ്യവസ്ഥ പ്രകാരം സ്വന്തമായി താമസത്തിന് വേണ്ടി നിർമ്മിക്കുന്ന പത്ത് ലക്ഷം രൂപവരെ നിർമ്മാണ ചെലവുള്ള കെട്ടിടങ്ങളെ സെസ്സ് ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly